# തെരുവുകളിൽ അലഞ്ഞുതിരിഞ്ഞുനടക്കുന്ന നായ്ക്കളിൽനിന്നും ജനങ്ങളെ രക്ഷിക്കണം

സംസ്ഥാനത്തുടനീളം തെരുവുനായ്ക്കളുടെ ആക്രമണം രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഓരോ ദിവസവും വളരെയധികം മനുഷ്യരും - പ്രത്യേകിച്ച് കുട്ടികളും വൃദ്ധരും - വളർത്തുമൃഗങ്ങളും അവയുടെ ആക്രമണത്തിന് ഇരയാകുന്നു. പലർക്കും മാരകമായ പരിക്കുകളും ചിലർക്ക് പേവിഷബാധയും ഏല്ക്കുകയും ചെയ്യുന്നു. അങ്ങനെയുള്ള മനുഷ്യർക്കും മൃഗങ്ങൾക്കും അതിദാരുണമായി മരണത്തിനു കീഴടങ്ങേണ്ടിവരുന്ന സ്ഥിതിയാണ് ഇന്നുള്ളത്. പേവിഷബാധയെ പ്രതിരോധിക്കാനുള്ള മരുന്നിന്റെ ലഭ്യതയും പലയിടത്തും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

പൊതുവെ മനുഷ്യരുമായി ഇടപഴകി ജീവിക്കുന്ന മൃഗമാണെങ്കിലും കോവിഡുകാലത്ത് പെറ്റു പെരുകിയ നായ്ക്കൂട്ടങ്ങളാണ് ആക്രമണകാരികളായി മാറിയതെന്ന് വിദഗ്ദ്ധാഭിപ്രായം ഉണ്ട്. മനുഷ്യസമ്പർക്കമില്ലാതെ വളർന്നതും ഭക്ഷണത്തിന്റെ കുറവും പാരിസ്ഥിതികവിഷയങ്ങളുമാണ് ഇവയെ ആക്രമണകാരികളാക്കിയതെന്ന് പറയപ്പെടുന്നു. ഭക്ഷണാവശിഷ്ടങ്ങൾ ഉൾപ്പെടെയുള്ള മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നത് തെരുവുനായ്ക്കൾ കൂട്ടം ചേരുന്നതിന് കാരണവുമാകുന്നു. ഇത്തരം അക്രമാസക്തരായ ആയിരക്കണക്കിനു നായ്കൾ ഇന്ന് കേരളത്തിലെ തെരുവുകളിൽ പൊതുസ്ഥലങ്ങളിലും ഉണ്ടെന്നാണ് പറയുന്നത്. ഇവയ്ക്ക് പേവിഷപ്രതിരോധവാക്സിൻ നല്കുകയാണ് ഏറ്റവും അടിയന്തരമായി നടപ്പാക്കേണ്ടത്. പക്ഷേ, നായകളെ പിടികൂടാൻ പരിശീലനം ലഭിച്ചവരുടെ കുറവ് പലയിടത്തും അനുഭവപ്പെടുന്നുണ്ട് എന്നതാണ് വാസ്തവം.

സംസ്ഥാനത്ത് ഏറെക്കുറെ എല്ലാ ജില്ലകളിലും തെരുവുനായകൾ മനുഷ്യർക്കും മറ്റും ഭീഷണിയായിത്തീർന്ന സാഹചര്യത്തിൽ, മൃഗസ്നേഹികളുടെ സഹായത്തോടെയും തദ്ദേശസ്ഥാപനങ്ങളുടെ സഹകരണത്തോടെയും തെരുവുനായകൾക്ക് വാക്സിനേഷൻ നല്കാനുള്ള നടപടികൾ ഉടനടി ആരംഭിക്കുമെന്ന് ഗവണ്മെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്.

അത് വെറും ഒരു പ്രഖ്യാപനത്തിൽ ഒതുങ്ങാതെ എത്രയും പെട്ടെന്ന് പ്രാവർത്തികമാക്കാനുള്ള നടപടികളാണ് സർക്കാരും അതോടൊപ്പം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സ്വീകരിക്കേണ്ടത്.

നായ്ക്കളെ വീട്ടിൽ വളർത്തുന്നതിലും അവയെ സംരക്ഷിക്കുന്നതിലും സ്നേഹിക്കുന്നതിലും തെറ്റുപറയാനാവില്ല. പക്ഷേ, അങ്ങനെയുള്ളവർ നായ്ക്കളെ അവനവന്റെ വീട്ടുവളപ്പിൽതന്നെ അവയ്ക്കാവശ്യമായ ഭക്ഷണവും ശുശ്രൂഷയും നല്കി സംരക്ഷിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുകയാണ് വേണ്ടത്. അവ ഒരു കാരണവശാലും തെരുവിൽ ഇറങ്ങി, മറ്റു നായ്ക്കളുമായി സമ്പർക്കം പുലർത്താതിരിക്കാൻ നിരന്തരമായ ശ്രദ്ധ അവർക്ക് ഉണ്ടായിരിക്കേണ്ടതുമാണ്.

പ്രശ്നപരിഹാരത്തിന്, തെരുവിൽ അലഞ്ഞുനടക്കുന്ന നായ്ക്കളെ പിടികൂടി, അവ വീണ്ടും തെരുവിലിറങ്ങാതെ പ്രത്യേകം സജ്ജീകരിച്ചിട്ടുള്ള സ്ഥലത്ത് സംരക്ഷിക്കുകയും അതുവഴി ജനങ്ങളുടെ ആശങ്കയും ഭയവും അകറ്റുകയും ചെയ്യാനുള്ള സത്വരനടപടിയാണ് സർക്കാരും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സ്വീകരിക്കേണ്ടത്.